# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/1748/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസ്)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/1748/2022 തീയ്യതി: 03/08/2022

## മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 15-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 26-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 26-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ദിനേശൻ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.അസീന എ.പി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൽ അലി കുന്നൻ, ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

..

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജമീല ടീച്ചർ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.വിശ്വനാഥൻ.കെ.ബി | സെക്രട്ടറി | 01-04-2019 | 28-08-2019 |
| ശ്രീ.ദിനേശ് കുമാർ.കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-08-2019 | 07-11-2019 |
| ശ്രീ.ഡി.ജയകുമാർ | സെക്രട്ടറി | 08-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാജു മാർട്ടിൻ. | യു.പി.എ.സി പ്രൊജക്ട് ഓഫീസർ | 01-04-2019 | 05-09-2019 |
| ശ്രീ.സുബ്രഹ്മണ്യൻ.പി.വി | യു.പി.എ.സി പ്രൊജക്ട് ഓഫീസർ | 06-09-2019 | 31-03-2020 |
| ശ്രീ.ഹുസൈൻ. | ഹെൽത്ത് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഹുമയൂൺ കബീർ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 20-05-2019 |
| ശ്രീ.ദിനേശ് കുമാർ.കെ.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 21-05-2019 | 31-03-2020 |
| ശ്രീമതി.നിനു രവീന്ദ്രനാഥ്. | കൃഷി ഓഫീസർ | 01-04-2019 | 06-12-2019 |
| ശ്രീ.വിഷ്ണു.ആർ | കൃഷി ഓഫീസർ | 07-12-2019 | 31-12-2019 |
| ശ്രീമതി.സുമയ്യ പി. പാട്ടശേരി | കൃഷി ഓഫീസർ | 01-01-2020 | 31-03-2020 |
| ഡോ.സുജാത.കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് ഫവാസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീകല.പി.എ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സൈബുന്നീസ.സി.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് അക്ബർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 02-12-2019 |
| ഡോ.റിയ മുഹമ്മദ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 03-12-2019 | 31-03-2020 |
| ഡോ.റസീന.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.ബാബുരാജ്, പെറ്റിയാർഡ് ഓഫീസർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ(ഇൻ ചാർജ്) | 01-04-2019 | 02-08-2019 |
| | | 14-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| കാർത്തികേയൻ.ടി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 03-08-2019 | 11-11-2019 |
| ഒഴിവ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 12-11-2019 | 13-11-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 26-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul Ali Kunnan (Auditor, On 26-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Ali Kunnan (Auditor, On 26-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 26-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS)<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 28-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-11 |
| 12 | മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-12 |
| 13 | സർക്കാർ ഉത്തരവ് പ്രകാരമുള്ള ടാക്സ് നിരക്ക് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-07-2022) | 1-13 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നില്ല.<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-14 |
| 15 | മരുന്നുകൾ ലഭ്യമാവാത്തത്<br>Written By: Abdul Ali Kunnan (Auditor, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-15 |
| 16 | പ്രവൃത്തിമൂല്യത്തിൽ അധികരിച്ച് പിൻവലിച്ച 5887 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-16 |

| | | |
|---|---|---|
| 17 | പൊളിച്ച് മാറ്റിയ ഓടുകൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-17 |
| 18 | വീട് വാസയോഗ്യമാക്കൽ:പൂർത്തിയായില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 26-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-18 |
| 19 | AFS തയ്യാറാക്കിയതിന് പ്രത്യേകം ചെലവ് ചെയ്തു-ചെലവ് തുക നിരാകരിക്കുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 27-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-19 |
| 20 | KWAയിലേക്ക് ഡെപ്പോസിറ്റ് ചെയ്തത് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 28-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-20 |
| 21 | കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് ചെയ്തത് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: ASEENA.A.P (Asst. Audit Officer, On 28-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-21 |
| 22 | ലൈഫ് കുടുംബമേള – ചെലവുരേഖകൾ പൂർണ്ണമല്ല<br>Written By: ASEENA.A.P (Asst. Audit Officer, On 28-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-22 |
| 23 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 28-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-23 |
| 24 | കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- എഗ്രിമെന്റ് ഒപ്പുവച്ച ശേഷം പ്രവൃത്തി ആരംഭിക്കാത്തത്-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-25 |
| 26 | ഇടവഴിയിൽ സിമെന്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് വിരിച്ചത് - അധികച്ചെലവ്<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-26 |
| 27 | കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-27 |
| 28 | കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയതിൽ കുറവ്<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-28 |
| 29 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചതിനാൽ അധികച്ചെലവ് ഉണ്ടായി<br>Written By: M Dinesan (Audit Officer, On 29-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-29 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | AFS തയ്യാറാക്കിയതിന് പ്രത്യേകം ചെലവ് ചെയ്തു- ചെലവ് തുക നിരാകരിക്കുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 01-08-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 01-08-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 27-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 27-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 27-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 28-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 27-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 27-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 27-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 27.02.2019 ലെ തീരുമാനം നം.1 | 19.03.2020 ലെ തീരുമാനം നം.2 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 29-07-2020 | 30-07-2020 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 97069600 |
| വരവ് | 190193487 |
| ആകെ | 287263087 |
| ചെലവ് | 228751052 |
| നീക്കിയിരിപ്പ് | 58512035 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 22771703 | 22771703 | 12837669 | 9934034 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11616600 | 11616600 | 6762622 | 4853978 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 204000 | 204000 | 0 | 204000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1374600 | 1374600 | 507491 | 867109 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4822600 | 4822600 | 3387178 | 1435422 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 8959500 | 8959500 | 4278277 | 4681223 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 447 | 190902193 | 133 | 51727396 | 0 | 314 | 29.75% |

## 1-6 തൊഴിലുറപ്പ് (AUEGS)

അയ്യങ്കാളി ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5170141 | 4623656 | 9793797 | 8097772 | 1696025 |

* മേൽ പരാമർശിച്ച വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല .

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 960 | 1 |
| കർഷകതൊഴിലാളി വേതനം | 1534800 | 84 |
| വിധവാ പെൻഷൻ | 14720400 | 864 |
| വാർദ്ധക്യകാല പെൻഷൻ | 17253900 | 1326 |
| വികലാംഗ പെൻഷൻ | 4214600 | 263 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 876600 | 64 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2022 ന് 12.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 5331/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.വൗച്ചറുകളുടെ സൂക്ഷിപ്പ് ശരിയായല്ല.വൗച്ചറുകളിൽ ചെലവിനാധാരമായ കാരണം കൃത്യമായി രേഖപ്പെടുത്തുന്നില്ല.തനത്ഫണ്ട് വൗച്ചറുകളുടെ കൂടെ ചെലവിനാധാരമായ വിവരങ്ങൾ രേഖപ്പെടുത്തിയ സെക്രട്ടറിയുടെ ഉത്തരവ് , ചെലവ്സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,കൃത്യമായ ചെലവുരേഖകൾ എന്നിവ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ കണ്ടിജന്റ് വൗച്ചറുകളുടെ കൂടെ മുൻപറഞ്ഞ രേഖകൾ ഒന്നും തന്നെ ചേർത്ത് വയ്ക്കുന്നില്ല.
2.ആസ്തി വിവരങ്ങൾ രജിസ്റ്റർ രൂപത്തിലേക്ക് മാറ്റിയിട്ടില്ല.
3.വരവ് തുക അടവാക്കുന്നതിൽ കൃത്യമായ നിരീക്ഷണമില്ല.
4.ഡേ ബുക്ക്, ചിട്ട, കാഷ് ബുക്ക് മുതലായവ അതത് ദിവസം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5.ബാങ്ക് റീ കൺസിലിയേഷൻ മാസാന്ത്യത്തിൽ നിർവ്വഹിക്കുന്നില്ല.
6.സ്റ്റോക്ക് രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2019 മുതൽ 26.10.2019 വരെ | 2018-19, 2019 ഫസ്റ്റ് ഹാഫ് | റിപ്പോർട്ട് ലഭ്യമല്ല |
| എ ജി ഓഡിറ്റ് | 10.12.2018 മുതൽ 20.12.2018 വരെ | 2016-17 മുതൽ 2017-18 വരെ | 02.02.2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5,6,54എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതും ദിനം പ്രതി ക്ലോസ് ചെയ്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

2) ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് തൊട്ടടുത്ത മാസം 7ാം തീയ്യതിക്ക് മുമ്പായി ചെയ്യേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

3) മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച മുൻകൂറുകൾ [Advance To Projects-Municipal Fund, Other Advances,

Advance To Others എന്നിവക്ക് നൽകിയ മുൻകൂറുകൾ (B-18)] ക്രമീകരിച്ചിട്ടില്ല. 2018-19വർഷത്തെ തുകകൾ തന്നെ മാറ്റമില്ലാതെ തുടരുന്നു. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടില്ല. B-18 ഷെഡ്യൂളിൽ ബാലൻസ് ഉള്ള തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് നനൽകിയ തുകകളുടെ (B-18) കൃത്യത പരിശോധിക്കാനായിട്ടില്ല.

4) സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവ്യത്തികൾക്ക് വേണ്ടി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള തുകകൾ Advance To Implementing Agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിനു പകരം വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ലഭ്യമാകാതെ തന്നെ അതാത് ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവ്യത്തി പൂർത്തീകരിച്ച് UC ലഭിക്കുമ്പോൾ മാത്രമാണ് അത് ചെലവായി രേഖപ്പെടുത്തേണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവ്യത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം. | ചെലവ് ചെയ്ത ശീർഷകം | നിർവ്വഹണ ഏജൻസി | പൂർത്തീകരണ വിവരം |
|---|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ് സമിതികൾക്ക് അഡ്വാൻസ് നൽകിയത് | 21900176/29.05.19, 450000 | Sanitation Programme | വാർഡ് സമിതികൾക്ക് | തുക മുഴവൻ ചെലവഴിച്ചിട്ടില്ല. 2019-20ൽUCലഭിച്ചിട്ടില്ല |
| 2 | 7 എണ്ണം കുടിവെള്ള ടാപ്പുകൾ പുന:സ്ഥാപിക്കുന്ന പ്രവൃത്തി | 21900241/22.06.19 22000 | Water Deposit | KWA | പൂർത്തീകരണ വിവരം ലഭ്യമല്ല. UC ലഭ്യമായിട്ടില്ല |
| 3 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900074/12.04.19, 23997<br>21900283/06.07.19, 9754<br>21900518/19.09.19, 22955<br>21900749/27.12.19, 134370 | Post Shifting | KSEB | UC ലഭ്യമായിട്ടില്ല |
| 4 | നല്ലയിൽ പുതുക്കാട് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്തത് | 21900985/11.03.20 38913 | Repaires And Maintanence Street Light | KSEB | UC ലഭ്യമായിട്ടില്ല |

5) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ B-7ഷെഡ്യൂളിലെ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് തുക ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് നിൽക്കുന്ന തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ്.

6) B-4ഷെഡ്യൂളിലെ വിവിധ ഹെഡുകളിൽ (320100100, 320200299, 320300100, 32080200, 320809900) ബാധ്യതയായി കാണിച്ചിട്ടുള്ള വിവിധ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7) തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക

കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, Entertainment Tax രജിസ്റ്റർ, സഞ്ചയ ഡി.സി.ബി പത്രിക എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9) Other Fees ഇനത്തിൽ 677068രൂപ വരവുണ്ട്. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10) നഗരസഭക്ക് ഭവന പദ്ധതികൾക്കായി KURDFC യിൽ നിന്നും രണ്ട് ലോണുകളുണ്ട്.( തണൽ ഭവന പദ്ധതി , ലൈഫ് ഭവന പദ്ധതി) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് സംബന്ധിച്ച ഫയൽ രജിസ്റ്റർ എന്നിവ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

11) ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള (450610100, 450610300, 450610400, 450610500, 450610600, 450610700, 450610800, 450610900, 450410100, 450410200 Etc.) നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) Canara Bank Sanchaya Online, SBI Online Tax, Kerala Gramin Bank -NPS എന്നീ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.
13) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ (Financial Statement പ്രകാരമുള്ളത്) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/19-20/25.07.22)

## 1-12 മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക

പരപ്പനങ്ങാടി നഗരസഭ 2019-20 വർഷത്തെ വാടക രജിസ്റ്റർ, അടവ് വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) നഗരസഭ ഉടമസ്ഥതിയിലുള്ള മാർക്കറ്റ് ,ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ വാടകക്കെടുത്ത താഴെ പരാമർശിച്ച വ്യക്തികൾ വാടക പൂർണ്ണമായി ഒടുക്കു വരുത്തിയിട്ടില്ല.
വിശദ വിവരം താഴെ നൽകുന്നു

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ, റൂം നമ്പർ | അടവാക്കാനുള്ള കാലയളവ്തുക | അടിസ്ഥാന വാടക (ഒരു മാസം) |
|---|---|---|---|---|
| 1 | ബഷീർ.സി.കെ | 33/467 | 4/19 To 3/20 | 2245 |
| 2 | അരുൺ | 33/485 | 4/19 To 3/20 | 5006 |
| 3 | സുദേവൻ | 33/487 | 4/19 To 3/20 | 1405 |
| 4 | അബ്ദുൽ ഖാദർ.പി.വി | 33/488 | 4/19 To 3/20 | 1886 |
| 5 | ഷിജിത.പി | 33/489 | 4/19 To 3/20 | 3779 |
| 6 | മൻസൂർ | 33/490 | 9/19 To 3/20 | 7000 |
| 7 | അൻവർ.പി.പി | 33/509 | 4/19 To 3/20 | 2027 |

അടിസ്ഥാന വാടക, ജി.എസ്.ടി , പിഴപ്പലിശ എന്നിവ അടക്കം ടി തുകകൾ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.(എൻക്വയറി നം. 24/19-20 തിയ്യതി 26-7-22- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 സർക്കാർ ഉത്തരവ് പ്രകാരമുള്ള ടാക്സ് നിരക്ക് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

18-11-2019 ലെ സ.ഉ.(അ)നം. 82/2019/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങളുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. നഗരസഭ ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാര പ്രകാരമുള്ള നികുതി നിരക്കുകൾ പരപ്പനങ്ങാടി നഗരസഭയിൽ പരിഷ്കരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തതിനും സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/19-20 തി.18-07-22) നൽകിയ മറുപടിയിൽ അടുത്ത കൗൺസിൽ യോഗത്തിൽ ഇത് സംബന്ധിച്ച നിരക്ക് നിശ്ചയിച്ച് തീരുമാനം എടുക്കുന്നതാണെന്ന് അറിയിച്ചു.

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നില്ല.

നഗരസഭ ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ നിരവധി പെൻഷൻ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ( ചില ഗുണഭോക്താക്കളുടെത് മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. )

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി&പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ആയിശ.ടി | വാർദ്ധക്യ കാല പെൻഷൻ 112750200861 | 25/11/2019 | ആക്ടീവ് |
| 2 | കോയമോൻ. | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം 109660400242 | 31/03/2018 | ആക്ടീവ്<br>ജൂൺ 2022 ലെയും പെൻഷൻ തുക സഹകരണ സംഘത്തിന് കൈമാറി |
| 3 | മൊയ്തീൻകുട്ടി | 112750201241 വാർദ്ധക്യ കാല പെൻഷന് | 4/12/2019 | ആക്ടീവ്<br>ജൂൺ 2022 ലെയും പെൻഷൻ തുക സഹകരണ സംഘത്തിന് കൈമാറി |
| 4 | തങ്കമ്മു | വാർദ്ധക്യ കാല പെൻഷന് 109660200117 | 30/09/2019 | ആക്ടീവ് |
| 5 | ദേവകി | 109660200164 വാർദ്ധക്യ കാല പെൻഷന് | 8/12/19 | ആക്ടീവ്<br>ജൂൺ 2022 ലെയും പെൻഷൻ തുക സഹകരണ |

| | | | | |
|---|---|---|---|---|
| | | | | സംഘത്തിന് കൈമാറി |
| 6 | പാത്തുമ്മ | 109660201326<br>വാർദ്ധക്യ കാല പെൻഷന് | 28/11/2018 | ആക്ടീവ് |

ഇത് സംബന്ധിച്ച് പെൻഷൻ സെക്ഷൻ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം പെർമനന്റ് സസ്പെൻഡ് ചെയ്യപ്പെടേണ്ട 326 ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കുകയുണ്ടായി. മുനിസിപ്പാലിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങളിൽ പോലും യഥാസമയം സസ്പെൻഡ് ചെയ്യപ്പെടാത്തതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മുനിസിപ്പാലിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ രജിസ്റ്റർ പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ് .
(എൻക്വയറി നം. 23/19-20 തിയ്യതി 25-7-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 മരുന്നുകൾ ലഭ്യമാവാത്തത്

2019-20 വർഷം മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകളുടെ ഭാഗമായി ചുവടെ പട്ടികയിൽ ചേർത്ത പ്രകാരമുള്ള തുക കെ.എം.സി.എ.എൽ ന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ & പേര് | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 28/20 ഫിഷറീസ് ആശുപത്രിക്കുള്ള മരുന്ന് വാങ്ങൽ | 19150647005900465541 Dt 18/8/19 | 100000 | |
| 2 | 12/20 പരിരക്ഷ- പ്രൈമറി | 19150647005900465521 Dt 18/8/19 | 186264 | |
| | ആകെ | | 286264 | |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ലഭ്യമാകുന്ന മുറക്ക് മരുന്ന് സ്റ്റോക്കിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്. (എൻക്വയറി നം. 25/19-20 തിയ്യതി 26-7-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 പ്രവൃത്തിമൂല്യത്തിൽ അധികരിച്ച് പിൻവലിച്ച 5887 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

പ്രൊജക്ട് നം : 119/20 (242/19) കൊയം കുളം കുടിവെള്ള പദ്ധതി

അടങ്കൽ : 500000 പ്ലാൻ (എസ്.സി.പി)

ചെലവ് : 235459.00 ബിൽ നമ്പർ.6/13.5.2019

262548.00 ബിൽ നമ്പർ.43/24.1.2020

498007.00

TS No : 106716/2018-19 DsoR 2016 COI 37.25%

കരാർ നം : 173/23.2.2019 (Item Rate)

കരാറുകാരൻ : പ്രവീൺ.കെ

എംബുക്ക് നം: 148/18-19, 181/18-19

ഈ പ്രൊജക്ടിലെ പ്രവൃത്തികളുടെ ആകെ മൂല്യം 492120.00 രൂപയാണ്. എന്നാൽ മേൽപറഞ്ഞ ബില്ലുകൾ പ്രകാരം ആകെ 498007.00 രൂപ പിൻവലിച്ചിട്ടുണ്ട്. ഇപ്രകാരം അധികം പിൻവലിച്ച 498007-492120.=5887 രൂപ സെക്രട്ടറിയുടെ പേരിലുള്ള 715061400000020 നമ്പർ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഒന്നാം പാർട് ബില്ലിൽ നിന്നും റിടെൻഷൻ

ആയി പിടിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ച തുക ചെക്ക് മുഖേനെ അനുവദിക്കുന്നതിന് പകരം പ്ലാൻഫണ്ടിൽ നിന്നും വീണ്ടും റിടെൻഷൻ ഉൾപ്പെടെയുള്ള തുക പിൻവലിച്ചതിനാലാണ് ഈ അപാകത സംഭവിച്ചത്. അധികം പിൻവലിച്ച 5887 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.9/19-20/12.7.2022. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 പൊളിച്ച് മാറ്റിയ ഓടുകൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് : 301/21 ജീവനക്കാരുടെ ക്വാർട്ടേഴ്സ് റിപ്പെയർ

അടങ്കൽ : 300000 MG (NR)

ചെലവ് : 290955 ബിൽ നമ്പർ.30/17.8.2019

TS No : 108920/2018-19 DsoR 2016 COI 37.25%

കരാർ നം : 129/7.2.2019 (ER)

കരാറുകാരൻ : അമീറലി.

എംബുക്ക് നം: 155/18-19

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1 ആയി 132.79m2 ടൈൽ റൂഫ് പൊളിച്ച് മാറ്റിയിട്ടുണ്ട് . ഇതിന് DAR കോഡ് 15.31 പ്രകാരം @118.38/m2 നിരക്കിൽ 15719.68 രൂപ അനുവദിച്ചിട്ടുണ്ട്. 456 ഓടുകൾ അട്ടിവെച്ചിട്ടുള്ളതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഓടുകൾ പുനരുപയോഗിക്കുകയോ ലേലം ചെയ്ത് വില്പന നടത്തുകയോ ചെയ്തിട്ടില്ല. ഓടുകൾ ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/19-20/12.7.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. (26.7.2022 ന് നേരിൽ പരിശോധിച്ച ഓട് അട്ടി വെച്ചത് കണ്ട് ബോധിച്ചു).

## 1-18 വീട് വാസയോഗ്യമാക്കൽ:പൂർത്തിയായില്ല

നിർവ്വഹണം :പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ {ജനറൽ (സ്പിൽ ഓവർ) നം.എസ്.ഒ.58/20}

അടങ്കൽ :4500000

ചെലവ് തുക : 1950000(തനതു ഫണ്ട്)

ചെക്ക് നം തിയതി : 2167515/21-03-2020

2019-2020 വർഷത്തിൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി ശ്രീമതി കുഞ്ഞിമേയി മൂച്ചിക്കുട്ടത്തിൽ എന്നവർക്ക് 25,000 രൂപ നല്കിയെങ്കിലും നാളിതു വരെയായി പ്രവർത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. തുടർ നടപടിക്കായി HI-1098/2019 തിയ്യതി 25.6.2021 പ്രകാരം ഗുണഭോക്താവിനു കത്ത് നല്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് പ്രവർത്തി പിന്നീട് പൂർത്തീകരിച്ചതിന്റെയോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം മറ്റ് തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/19.7.2022(19-20) ന് നല്കിയ മറുപടിയിൽ, 25.6.2021 ൽ നല്കിയ കത്തിനു ശേഷം വാർഡ് ജനപതിനിധി മുഖേന ടിയാനെ ബന്ധപ്പെട്ടതിനെ തുടർന്ന് കുടുംബാംഗങ്ങൾ തമ്മിൽ തർക്കം നിലവിലുള്ളതായി ബോധ്യപ്പെട്ടെന്നു അറിയിക്കുകയുണ്ടായി. വീട് പുനരുദ്ധാരണം പൂർത്തിയാക്കാൻ സന്നദ്ധത കാണിക്കാത്ത പക്ഷം പദ്ധതി പ്രകാരം കൈപറ്റിയ തുക പലിശ സഹിതം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 25000 രൂപ തടസത്തിൽ വെക്കുന്നു.

## 1-19 AFS തയ്യാറാക്കിയതിന് പ്രത്യേകം ചെലവ് ചെയ്തു-ചെലവ് തുക നിരാകരിക്കുന്നു

വൗച്ചർ നം. 21900443/27.08.19 (ചെക്ക് നം.416843/27.08.19) പ്രകാരം 17500/-രൂപ തനത് ഫണ്ടിൽ നിന്നും 2018-19 AFS തയ്യാറാക്കിയ ഇനത്തിൽ ശ്രീ.അൻവർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, സെക്ഷൻ 58 (1), (2) എന്നിവ പ്രകാരം നഗരസഭയുടെ വാർഷിക കണക്ക് തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം അക്കൗണ്ട്സ് ഓഫീസർക്കാണ്. സ.ഉ (എം.എസ്)നം.182/2012/തസ്വഭവ തീയതി.30.06.2012 സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള യു.ഡി ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുള്ളതുമാണ്.

നഗരസഭയിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉണ്ടെന്നിരിക്കെ

പ്രസ്തുത ആവശ്യത്തിനായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. മേൽ സാഹചര്യത്തിൽ 17500/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വാർഷിക കണക്ക് തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ പ്രത്യേകം ചെലവ് നടത്തിയതിന് കാരണം അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.04/19-20,06.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 KWAയിലേക്ക് ഡെപ്പോസിറ്റ് ചെയ്തത് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

നിക്ഷേപ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഡിവിഷൻ 36 ഒട്ടുമ്മൽ ബീച്ച് ടിപ്പുസുൽത്താൻ റോഡ് (4എണ്ണം), ഡിവിഷൻ 26 അയ്യങ്കാളി കോളനി (2എണ്ണം), ഡിവിഷൻ 30 കളരിക്കൽ കരുളിയൽപാടം റോഡിന്റെ അവസാന ഭാഗം( 1 ) എന്നിവിടങ്ങളിൽ 7 എണ്ണം കുടിവെള്ള ടാപ്പുകൾ പുന:സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 22000/-രൂപ വൗച്ചർ നം.21900241/22.06.19 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയിതിട്ടുണ്ട്. പ്രസ്തുത തുക നൽകിയത് മുൻകൂർ നൽകിയതായിട്ടല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുക Water Deposit എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/19-20, 06.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 22000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് ചെയ്തത് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ സ്ഥലങ്ങളിൽ പോസ്റ്റ് മാറ്റി വെക്കൽ, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി ക്ക് തനത്ഫണ്ടിൽ നിന്നും മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. തീയതി | തുക | പ്രവൃത്തി |
|---|---|---|---|
| 1 | 21900283/06.07.19 | 9754 | വാർഡ് 28 ൽ ഒരു പോസ്റ്റ് മാറ്റി വെക്കുന്നതിന് |
| 2 | 21900749/27.12.19 | 134370 | ഡിവിഷൻ 42 ൽ പോസ്റ്റ് മാറ്റി വെക്കുന്നതിന് |
| 3 | 21900985/11.03.20 | 38913 | 1ാം വാർഡിൽ നല്ലയിൽ പുതുക്കാട് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്തത് |
| | ആകെ | 183037 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബിൽ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/19-20, 06.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 183037/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് കുടുംബമേള – ചെലവുരേഖകൾ പൂർണ്ണമല്ല

നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.ഐ. 23.01.20ന് നടന്ന ലൈഫ് ഗുണഭോക്താക്കളുടെ കുടുംബമേള (സ.ഉ (സാധാ) നം.2751/2019/തസ്വഭവ, 04.12.2019 പ്രകാരം) സംഘടിപ്പിച്ച ഇനത്തിൽ താഴെ പറയുന്ന കാഷ് ബില്ലുകൾ പ്രകാരം തനത്ഫണ്ടിൽ നിന്ന് 97130/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

| ബിൽ/ഇൻവോയിസ് നം, | തുക | ഇനം | സ്ഥാപനം | ന്യൂനതകൾ |
|---|---|---|---|---|
| 1785/23.01.20 | 26280 | മേശ, കസേര, പന്തൽ തുടങ്ങിയവ | കാർത്തിക പന്തൽ വർക്സ്, ചെട്ടിപ്പടി | തുക നൽകിയതിന്റേയോ സ്ഥാപനം/ വ്യക്തികൾ തുക കൈപ്പറ്റിയതിന്റെയോ രേഖകളില്ല. |
| 23.01.20 | 14400 | ജനറേറ്റർ, സൗണ്ട് തുടങ്ങിയവ | എ.ജെ.എ റെന്റ് സ്റ്റോർ , പരപ്പനങ്ങാടി | |

| | | | | |
|---|---|---|---|---|
| 926/23.01.20 | 41600 | ഭക്ഷണച്ചെലവ് | റെഡ് റോസ് റസ്റ്റോറന്റ് പരപ്പനങ്ങാടി | |
| 6/23.01.20 | 1000 | ഫോട്ടോ | വിഗ്നെറ്റ് വെഡ്ഡിംഗ് സ്റ്റുഡിയോ, പരപ്പനങ്ങാടി | |
| 247/23.01.20 | 13850 | ബാനർ, ബ്രോഷർ | ഗേറ്റ് വേ സൈൻ പാർക്ക്, പരപ്പനങ്ങാടി | |
| ആകെ | 97130 | | | |

- ചെലവ് തുകയിൽ 25000/-രൂപ വൗച്ചർ നം.21900812/17.01.20 (ചെക്ക് നം.422035/17.01.20) കുടുംബമേള നടത്തിയതിന് ശേഷം ഹെൽത്ത് ഇൻസ്പെക്ടർ പി.വി സുബ്രഹ്മണ്യന് മുൻകൂർ അനുവദിച്ചതാണ്.
- ബാലൻസ് ചെലവ് തുക 72130/-രൂപയും വൗച്ചർനം. 21900968/09.03.20(ചെക്ക് നം.422265/09.03.20) പ്രകാരം പി.വി സുബ്രഹ്മണ്യന് നൽകിയിട്ടുണ്ട്.
- പട്ടിക പ്രകാരമുള്ള തുകകൾ സ്ഥാപനങ്ങൾക്ക് പണമായാണോ, ബാങ്ക് അക്കൗണ്ട് മുഖേനയാണോ നൽകിയതെന്ന് വ്യക്തമല്ല. അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/19-20/15.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പണം നൽകിയതിന്റെ വിവരങ്ങളും തുക കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമല്ലാത്തതിനാൽ 97130/- രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 145/19-20 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (സ്പിൽ ഓവർ) എന്ന പദ്ധതി പ്രകാരം തനത്ഫണ്ടിൽ നിന്നും 1000000രൂപ അടങ്കൽ വെച്ച് വൗച്ചർ നം.21900386/18.08.19 പ്രകാരം 499426 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ, ചെലവ് രേഖകൾ എന്നിവ ഓഡിറ്റ് റിക്വിസിഷനിലൂടെ ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 499426/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് റിക്വിസിഷൻ തീയതി.20.07.2022)

## 1-24 കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

